ദൈവകൃപയിൻ തണലിലും
തിരുനിവാസത്തിൻ മറവിലും
ശാശ്വതഭുജത്തിൻ കീഴിലും
വഹിച്ചിടും ഉന്നതനാം ദൈവമേ } 2

നിത്യതേജസ്സിനായ് വിളിക്കപ്പെട്ടോർ
വിശ്വാസസ്ഥിരതരായ് നിന്നീടുവിൻ } 2
ഉത്സാഹത്തിൽ മടുപ്പില്ലാതെയും
ആത്മാവിൽ എരിവോടെ ആയിരിപ്പിൻ } 2

ദൈവകൃപ ....... 1

എന്നും അവൻ നിങ്ങൾക്കായ് കരുതുന്നതാൽ
ദൈവത്തിൻ പാദപീഠേ താണിരിപ്പിൻ } 2
പ്രതിയോഗിയാം സാത്താൻ ശക്തനാകയാൽ
നിർമ്മദരായ് നാമോ ഉണർന്നിരിപ്പിൻ } 2

ദൈവകൃപ ....... 1

ഭൂവിൽ പരീക്ഷകൾ അനുദിനം വന്നിടുമ്പോൾ
നിരന്തരം അവനെ നാം ധ്യാനിച്ചിടാം } 2
കഷ്ടതയിൽ തളരാതെ നിൽപ്പാൻ
പ്രാർത്ഥനയാൽ എന്നും ജാഗരിച്ചിടാം } 2

ദൈവകൃപ ....... 1